# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-11/1063/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-11/1063/2021 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2019 മുതൽ 31-10-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ . രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 01-11-2021 | 20-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-11-2021 | 20-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ശ്രീദേവി.പി,ഓഡിറ്റ് ഓഫീസർ
ശ്രീ.രാജീവ്. ആർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . ഇന്ദിരാ തിലകൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ . വി . വി . പ്രസാദ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രാജശ്രീ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി . ജിഷ മോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അർച്ചന | മെഡിക്കൽ ഓഫീസർ ,സി. എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ഗോപകുമാർ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.രചന | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീ. വേണു പി. ജി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സൂര്യ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2019 | 31-03-2020 |
| ശ്രീമതി. സോജ ശിവദാസൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി . റാൻസി പീറ്റർ | ഐ. സി . ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.അനീഷ് കെ. പി | വി. ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ. വിഭു | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീ പ്രവീൺ കെ കൃഷ്ണൻ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| ശ്രീമതി . മിനി.എസ് | അസി.എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീമതി. അഞ്ജു ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-07-2019 | 31-03-2020 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-1 |
| 2 | വാർഷിക കണക്ക്<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക – അപാകതകൾ<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: P. Sreedevi (Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-5 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: P. Sreedevi (Audit Officer, On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Renju Prakash (Senior Grade Auditor, On 19-11-2021) | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം<br>Written By: S.Suresh (Audit Officer (HG), On 21-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-9 |
| 11 | 64-ാം നമ്പർ അംഗൻവാടി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-10 |
| 12 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-11 |
| 13 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-12 |
| 14 | കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-13 |
| 15 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 07-02-2022) | 1-14 |
| 16 | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ | 1-15 |

| | | |
|---|---|---|
| | പരിരക്ഷ (മാനസ)<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | |
| 17 | പഴയ കേടായ വലമാറ്റി പുതിയ വല വാങ്ങൽ<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-16 |
| 18 | ഗുണനിലവാരം ഉറപ്പ് വരുത്താതെ ന്യൂട്രിമിക്സ് വിതരണം ചെയ്തു<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 19-02-2022) | 1-17 |
| 19 | ആശ്രയ പദ്ധതി - കുടുംബശ്രീ അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു.<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-18 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം -വാട്ടർഅതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുന്നില്ല<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-19 |
| 21 | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -- അപാകതകൾ<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-20 |
| 22 | ചെലവ് രേഖകൾ ലഭ്യമല്ല<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-21 |
| 23 | ഓഡിറ്റ് ഇംപാക്ട്<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-22 |
| 24 | ഖരമാലിന്യ ശേഖരണം(ഹരിത കർമ്മസേന), ബി.പി.എൽ കുടുംബങ്ങൾക്ക് യൂസർ ഫീസ് നൽകൽ<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-23 |
| 25 | ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല<br>Written By: Rajeev.R (Senior Grade Auditor, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-24 |
| 26 | പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ വിവരങ്ങൾ<br>Written By: P. Sreedevi (Audit Officer, On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | 64-ാം നമ്പർ അംഗൻവാടി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം<br>Written By: S.Suresh (Audit Officer (HG), On 20-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-3 |

| | | |
|---|---|---|
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Renju Prakash (Senior Grade Auditor, On 19-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Renju Prakash (Senior Grade Auditor, On 19-11-2021)<br>Last Updated By: Rajeev R (Deputy Director, On 09-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 1.1 / തീയതി - 28.01.2019

| | |
|---|---|
| ബജറ്റ് പ്രകാരമുള്ള വരവ് | 46,37,97,512 |
| ബജറ്റ് പ്രകാരമുള്ള ചെലവ് | 45,34,39,862 |

പുതുക്കിയ ബജറ്റ് -അംഗീകരിച്ച തീരുമാനം നമ്പർ 11.1/ തീയതി - 30.01.2020

| | | | |
|---|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് | 46,58,25,248 | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | 23,99,51,135 |
| പുതുക്കിയ ബജറ്റ് പ്രകാരമുള്ള ചെലവ് | 45,07,05,558 | വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് | 23,97,03,163 |

പ്രതീക്ഷിത വരവും ചെലവുമായി താരതമ്യം ചെയ്യുമ്പോൾ യഥാർത്ഥ വരവും ചെലവും പകുതി മാത്രമാണ്. അതിനാൽ യാഥാർത്ഥ്യബോധത്തോടെ ബജറ്റ് അവതരിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 01.06.2020 |

### 1-2-1 വാർഷിക ധനകാര്യ പത്രിക – അപാകതകൾ

2019-20 ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ താഴെച്ചേർക്കുന്നു.

1. ജോയിന്റ് വെൻച്വർ - ട്രഷറിയിലുള്ള അക്കൗണ്ടിലെ തുക 8,87,026, ബി-4 ഷെഡ്യൂളിലെ തുകയുമായി -946745( 473703+105542+367500)പൊരുത്തപ്പെടുന്നില്ല.

2. ബി-4 ഷെഡ്യൂളിലെ താഴെപ്പറയുന്ന തുകകൾ ഏതൊക്കെ ഇനങ്ങളാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

| ക്രമ നം. | കോഡ് ഹെഡ് | തുക |
|---|---|---|
| 1 | 320100116 | 12000 |
| 2 | 320200213 | 366701 |
| 3 | 320200311 | 32781 |

| | | |
|---|---|---|
| 4 | 320300199 | 3948850 |

3. സ്ഥിരനിക്ഷേപം- 61,36,234/-രൂപ. ഇതിന്റെ ഒറിജിനൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ലഭ്യമാക്കാത്തതിനാൽ കൃത്യത ബോധ്യപ്പെടാനായില്ല.

4. തിരികെ ലഭിക്കാനുള്ള താഴെപ്പറയുന്ന അഡ്വാൻസുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ ഓഡിറ്റിൽ ബോധ്യപ്പെടുത്താനായില്ല.

| ക്രമ നം. | കോഡ് നം. | തുക |
|---|---|---|
| 1 | 460100101 | 3000 |
| 2 | 460500501 | 2208217 |
| 4 | 460509901 | 651025 |

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40322644 |
| വരവ് | 148339166 |
| ആകെ | 188661810 |
| ചെലവ് | 148091194 |
| നീക്കിയിരിപ്പ് | 40570616 |

## 1-4 ഗ്രാന്റ് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 31998000 | 31998000 | 30187358 | 1810642 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 46,22,588 | 46,22,588 | 19,53,832 | 26,68,756 |
| വികസന ഫണ്ട് | 0 | 4,88,000 | 4,88,000 | 3,87,045 | 1,00,955 |

| | | | | | |
|---|---|---|---|---|---|
| (റ്റി.എസ്.പി) | | | | | |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | 0 | 62,38,000 | 62,38,000 | 16,02,512 | 46,35,488 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | 0 | 73,08,000 | 73,08,000 | 41,66,504 | 31,41,496 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 2,28,05,622 | 2,28,05,622 | 74,22,350 | 1,53,83,272 |

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് എണ്ണം | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2019-20 | 194 | 19,77,70,026 | 105 | 11,68,56,075 | 21 | 68 | 54 |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | 2020-21 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 4,69,200 | 500 |
| കർഷകതൊഴിലാളി പെൻഷൻ | 17,02,200 | 317 |
| വിധവാപെൻഷൻ | 78,75,600 | 1555 |
| വാർദ്ധക്യകാല പെൻഷൻ | 2,17,87,200 | 5159 |
| വികലാംഗപെൻഷൻ | 40,74,800 | 746 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിത കൾക്കുള്ള ധനസഹായം | 13,33,800 | 251 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,00,000 | 10 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 816518 | 1614190 | 2430708 | 1565259 | 865449 |
| ഗുണഭോക്താക്കൾക്കു നേരിട്ടുനൽകിയത് | 0 | 54069169 | 54069169 | 54069169 | 0 |
| ആകെ | 816518 | 55683359 | 56499877 | 55634428 | 865449 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021 തീയതിയിൽ 3:00 P.M സമയത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4429/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. താഴെപ്പറയുന്നവ കൂടി പരിഗണിച്ച് അഭ്യന്തര നിയന്ത്രണം സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

2.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാ ണ്.

5.ഗ്രാമപഞ്ചായത്തിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സുകൾ പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം ബന്ധപ്പെട്ട മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സാധ്യതകളും കണ്ടെത്തി പ്രശ്നപരിഹാരനിർദേശങ്ങൾ രൂപീകരിക്കുക എന്ന പ്രാഥമിക ചുമതലയിൽ ഒതുക്കിയിരിക്കുന്നതായി കാണുന്നു . വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിനുള്ള നിർദേശങ്ങൾ ലഭ്യമാക്കിയതിനുശേഷം മേൽ പദ്ധതികളുടെ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതുണ്ട്.

6.തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായമാക്കിയാൽ കറന്റ് ചാർജ് വീണ്ടും കുറയുമെന്നുള്ളതിനാൽ ഇവ

മീറ്റേഡ് സിസ്റ്റത്തിലാക്കാൻ ശ്രമിക്കേണ്ടതാണ് .

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 64-ാം നമ്പർ അംഗൻവാടി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം

| | |
|---|---|
| പ്രോജക്ട് | 64-ാം നമ്പർ അംഗൻവാടി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം. |
| പ്രോജക്ട് നമ്പർ | S0075/19 |
| അടങ്കൽ | 5 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനിയർ |
| അളവ് പുസ്തകം | 165/15-16 |
| ചെലവ് വിവരം | ബിൽ നമ്പർ 02/08-05-19 രൂപ 499012/- |

ടി പ്രവൃത്തിയിൽ 0.5 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 10 കോളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. Pcc, ഫുട്ടിംഗ് എന്നിവ ഉൾപ്പെടെ വരുന്ന കോളങ്ങളുടെ നിർമ്മാണം 1.45 മീറ്റർ ആണ്. കോളങ്ങൾ നിർമ്മിക്കുന്നതിന് 0.65 മീറ്റർ ആഴത്തിലും ഫൗണ്ടേഷൻ നിർമ്മിക്കുന്നതിന് 0.40 മീറ്റർ ആഴത്തിലും കുഴിയെടുത്തിട്ടുണ്ട്. അതിനാൽ കോളത്തിന്റെ 0.25 (0.65 – 0.40 )മീറ്റർ ഒഴികെയുള്ള ഉയരം 1.20 മീറ്റർ ഭിത്തിയുടേയും ഫൗണ്ടേഷന്റേയും ബെൽറ്റിന്റേയും ഭാഗമായി വരുന്നു. ഭിത്തിയും ഫൗണ്ടേഷനും നിർമ്മിച്ചിരിക്കുന്നത് 40x20x20 സോളിഡ് ബ്രിക്ക് മേസനറിയിലാണ്. എന്നാൽ സോളിഡ് ബ്രിക്ക് ഉപയോഗിച്ചുള്ള അളവിന് തുക അനുവദിച്ചപ്പോഴും ഫൗണ്ടേഷനു മുകളിൽ ബെൽറ്റ് നിർമ്മിച്ചപ്പോഴുള്ള അളവിനും തുക അനുവദിച്ചപ്പോൾ ഇവയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് കുറവു ചെയ്തില്ല. അതുപോലെ ടി ഓഡിറ്റോറിയത്തിന് രണ്ട് ഓപ്പണിംഗ്സാണുള്ളത്. ഇതും കുറവു ചെയ്തില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/15-11-21 ന് കോളങ്ങൾ ഫൗണ്ടേഷൻ ലെവൽ വരെയാണ് നിർമ്മിച്ചിട്ടുള്ളതെന്നും കോളങ്ങളുടെ അളവു കുറവു ചെയ്തിട്ടില്ലെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ) കോളങ്ങൾ നിർമ്മിക്കുന്നതിന് 0.65 മീറ്റർ ആഴത്തിലും ഫൗണ്ടേഷൻ നിർമ്മിക്കുന്നതിന് 0.40 മീറ്റർ ആഴത്തിലും കുഴിയെടുത്തിട്ടുണ്ട്. വ്യത്യാസം 0.25(0.65- 0.40) മീറ്റർ. ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നത് 0.15 മീറ്റർ കനത്തിൽ 1:4:8 സിമന്റ് കോൺക്രീറ്റിംഗ് (Pcc) ചെയ്ത് അതിനു പുറമേ 0.45 മീറ്റർ ഉയരത്തിൽ 40x20x20 സോളിഡ് ബ്രിക്ക് മേസനറിയിലാണ്. കോളങ്ങൾ ഫൗണ്ടേഷൻ ലെവൽ വരെയാണ് നിർമ്മിച്ചിട്ടുള്ളതെന്ന് മറുപടിയിൽ അറിയിച്ചിട്ടുള്ളതിനാൽ Pcc, ഫുട്ടിംഗ് ഉൾപ്പെടെ കോളങ്ങൾ നിർമ്മിക്കേണ്ടത് 0.85 (0.25 +0.15+0.45) മീറ്ററിലാണ്. എന്നാൽ കോളങ്ങൾ നിർമ്മിച്ചതിന്റെ അളവ് രേഖപ്പെടുത്തിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അളവു പുസ്തകം പ്രകാരം | നിർമ്മിക്കേണ്ട അളവ് |
|---|---|---|
| 1:4:8 | 10x0.80x0.8x 0.15 | 10x0.80x0.8x 0.15 |
| ഫുട്ടിംഗ് (1:1.5:3) | 10.70x0.70x0.20 | 10.70x0.70x0.20 |
| കോളം (1:1.5:3) | 10x0.50x0.50x1.10 | 10x0.50x0.50x0.50 |

കോളത്തിന്റെ ഉയരം കൂടുതലായി കാണിച്ചു വഴി അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| കോളം (1:1.5:3) | 10x0.50x0.50x1.10= 2.75 $M^3$ | 10x0.50x0.50x0.50= 1.25 $M^3$ |

അധികം നൽകിയ അളവും തുകയും --- 2.75- 1.25 = 1.50 $M^3$ @ 9627.58 =14441/-

ബി) 40x20x20 സോളിഡ് ബ്രിക്ക് മേസനറിയിൽ 0.45 മീറ്റർ ഉയരത്തിൽ ഫൗണ്ടേഷനും 1.35 മീറ്റർ ഉയരത്തിൽ ഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ അളവിൽ നിന്നും കോളങ്ങളുടേയും ഓപ്പണിംഗ്സിന്റേയും അളവു കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അളവു പുസ്തകം പ്രകാരം | കുറവു ചെയ്യേണ്ട അളവ് |
|---|---|---|
| ഫൗണ്ടേഷൻ (നിർമ്മാണം) | 2x12.4x0.30x0.45 =3.348$m^3$<br>1x3.98x0.30x0.45 = 0.537 | കോളം<br>10x 0.5x0.30x0.45 = 0.675 $M^3$ |
| ഭിത്തി<br>(നിർമ്മാണം) | 2x12.4x0.15x1.35 =5.022 $M^3$<br>1x3.98x0.15x1.35 =0.806 $M^3$ | ഓപ്പണിംഗ്സ്<br>1x1.20x0.15xx1.35 = 0.243$m^3$<br>1x0.75x0.15x1.35 =0.152 |
| | കുറവു ചെയ്യേണ്ട ആകെ അളവ് | 1.07 $M^3$ |

40x20x20 സോളിഡ് ബ്രിക്ക് മേസനറി

ചെയ്ത അളവ് = 10.647 $M^3$

ക്ലിപ്തപ്പെടുത്തി നൽകിയ അളവും തുകയും = 10.21 $M^3$ @ 5406. 70

= 55202/-

നൽകാവുന്ന അളവും തുകയും 10.647 – 1.07 = 9.577 $M^3$

@ 5406.70 = 51780/-

അധികം നൽകിയ തുക – 55202- 51780= 3422/-

അധികം നൽകിയ തുക 17863 (14441 +3422) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-11 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയായി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒരു ഘനമീറ്റർ 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 40 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.65 $M^3$ ഉം 20 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.24 ഉം ആവശ്യമാണ്. അതുപോലെ ഒരു ഘനമീറ്റർ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 20mm സ്റ്റോൺ അഗ്രിഗേറ്റ് 0.67 $M^3$ ഉം 10 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.22 ഉം ആവശ്യമാണ്. തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് ഗുണമേന്മയെ സാരമായി ബാധിക്കാനിടയായി.

| പ്രവൃത്തി | തയ്യിൽ നടവഴി കോൺക്രീറ്റിംഗ് |
|---|---|

| | |
|---|---|
| അളവു പുസ്തകം | 309 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 09-11-19 രൂപ 357108/- |
| 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 42m$^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 40mm -------- ---- 27.30m$^3$<br>20 Mm --------------11.28m$^3$ |
| 1:2;4സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | 21m$^3$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 20mm ---------------- 14.07m$^3$<br>10 Mm --------------4.62m$^3$ |
| ആകെആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് (40mm, 20mm &10mm) | 57.27 M$^3$ |
| ഉപയോഗിച്ച അളവ് | 40mm ------ 25.38 M$^3$<br>20mm------ 14.03 M$^3$<br>10mm------- ഇല്ല<br>ആകെ ---39.41 M$^3$ |
| കുറവ് | 17.86m3 (57.27 - 39.41) |

മേൽ പ്രവൃത്തിയിൽ കോൺക്രീറ്റിംഗിന് 57.27 M$^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 39.41 M$^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. 17.86m$^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15.11.21) തുടർന്നുള്ള പ്രവൃത്തികളിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-12 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയായി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒരു ചതുരശ്രമീറ്റർ മെറ്റലിംഗ് നടത്തുന്നതിന് 63 Mm To 45 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.1 M$^3$ ഉം 11.2 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.02 M$^3$ ഉം ആവശ്യമാണ്. തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത താഴെപ്പറയുന്ന റോഡ് മെറ്റലിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് ഗുണമേന്മയെ ബാധിക്കാനിടയായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രവൃത്തി | ഹെർക്കുലീസ് ജിം ചെറുവള്ളിക്കാട് റോഡ് നിർമ്മാണം |
| അളവു പുസ്തകം | 512/18-19 |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 08.02.20 രൂപ 133542/- |
| മെറ്റലിംഗ് നടത്തിയ അളവ് | 439.02 M$^2$ |
| ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 63mm To45mm ---- 43.90 M$^3$<br>11.2 Mm --------------8.784 M$^3$<br>ആകെ------------------52.684 M$^3$ |

| | |
|---|---|
| ഉപയോഗിച്ച അളവ് | 63mm To45mm ---- 25.184 $M^3$<br>11.2 Mm --------------0.832 $M^3$<br>ആകെ-----------------26.016 $M^3$ |
| കുറവ് | 26.668 $M^3$ |

മേൽ പ്രവൃത്തിയിൽ മെറ്റിലിംഗിന് 52.684 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 26.016 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. ആവശ്യമായ അളവിന്റെ പകുതി മാത്രം ഉപയോഗിച്ച് പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

2.

| | |
|---|---|
| പ്രവൃത്തി | ചൈതന്യ സെൻറ് ജോസഫ്സ് റോഡ് മെറ്റലിംഗ് ഘട്ടം -2 |
| അളവു പുസ്തകം | രേഖപ്പെടുത്തിയിട്ടില്ല |
| ചെലവു വിവരം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി 22.03.2020 രൂപ 220369/- |
| മെറ്റലിംഗ് നടത്തിയ അളവ് | 600 $M^2$ |
| ആവശ്യമായ<br>സ്റ്റോൺ അഗ്രിഗേറ്റ് | 63 Mm To 45 Mm ---- 60 $M^3$<br>11.2 Mm --------------12 $M^3$<br>ആകെ-----------------72 $M^3$ |
| ഉപയോഗിച്ച അളവ് | 63 Mm To 45 Mm ---- 39.22 $M^3$<br>11.2 Mm --------------9.212 $M^3$<br>ആകെ-----------------48.432 $M^3$ |
| കുറവ് | 23.568 $M^3$ |

മേൽ പ്രവൃത്തിയിൽ മെറ്റിലിംഗിന് 72 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമുള്ളിടത്ത് 48.432 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത്. 23.568 $M^3$ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതെ പ്രവൃത്തി നടപ്പിലാക്കിയത് ഗുരുതരവീഴ്ചയാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം7/15.11.21) തുടർന്നുള്ള പ്രവൃത്തികളിൽ അപാകത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്.

## 1-13 കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് കരാർ പ്രകാരം സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | ഹെർക്കുലീസ് ജിം ചെറുവള്ളിക്കാട് റോഡ് | ജിതേന്ദ് | 133452 | 1335 | 08-02-20 രൂപ 133452/- |
| 2 | തയ്യിൽ നടവഴി കോൺക്രീറ്റിംഗ് | ജിതേന്ദ് | 357108 | 3571 | 09-11-19 രൂപ 357108/- |
| 3 | ചൈതന്യ സെൻറ് ജോസഫ്സ് | അനസ് നൈന | 220369 | 2204 | 22.03.2020 രൂപ 220369/- |

| | | | | | |
|---|---|---|---|---|---|
| | റോഡ് മെറ്റലിംഗ് | | | | |
| | ആകെ | | | 7110 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/15.11.21 ) മറുപടി നൽകിയില്ല. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കേണ്ടതാണ്.

## 1-14 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | കൊച്ചുപള്ളി കെൽട്രോൺ റോഡ് ടാറിംഗ് | 8260 | വികസന ഫണ്ട് | 15/05-04-19 രൂപ 599457/- |
| 2 | പമ്പ് ഹൗസ് ബീച്ച് റോഡ് ടാറിംഗ് | 3540 | റോഡു സംരക്ഷണ ഗ്രാന്റ് | 165/26-11-19 രൂപ 398126/ |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട് / മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട് /റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/15-11-21ന് തുടർന്നുള്ള വർഷങ്ങളിൽ ഗവൺമെന്റിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന താണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷ (മാനസ)

| | |
|---|---|
| പ്രോജക്റ്റ് | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ശാരീരിക മാനസിക ആരോഗ്യ പരിരക്ഷ (മാനസ) |
| പ്രോജക്റ്റ് നമ്പർ | 79/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | HM ,SCMV GUPS |
| ചെലവ് | 1/24-07-19 രൂപ 40000/-<br>4/07-09-19 രൂപ 80000/-<br>13/06-01-20 രൂപ 120000/-<br>34/24-03-20 രൂപ 20000/- |

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ ശാരീരികവും മാനസികവുമായി പിന്നാക്കം നിൽക്കുന്ന 3 സ്കൂളുകളിലെ കുട്ടികൾക്ക് പരിഹാര ബോധനം നടത്തുന്ന 4 അദ്ധ്യാപകർക്ക് (Special Educator) പ്രതിമാസം 10000/- രൂപ പ്രകാരം വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 22/2018/ത.സ്വ.ഭ.വ തീയതി 14-02-18

(ഖ. 8.10) പ്രകാരം ബഡ്സ് സ്കൂളിലേയും റീഹാബിറ്റേഷൻ സെന്ററിലേയും അദ്ധ്യാപകർക്കും സ്കൂളിൽ നിയോഗിക്കുന്ന കായിക അദ്ധ്യാപകർക്കുമാണ് വികസന ഫണ്ടിൽ നിന്നും ശമ്പളം / ഓണറേറിയം നൽകുവാൻ അനുമതിയുള്ളത്. അതിനാൽ ഇവർക്ക് വേതനം നൽകുന്നതിന് വികസന ഫണ്ട് ചെലഴവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11/16.11.21 ) മറുപടി നൽകിയില്ല.

## 1-16 പഴയ കേടായ വലമാറ്റി പുതിയ വല വാങ്ങൽ

| | |
|---|---|
| പ്രോജക്ട് | 10 മീറ്റർ മൊത്തത്തിലുള്ള നീളം (Overall Length) അധീകരിക്കാത്ത എഫ്.ആർ.പി/മറൈൻ പ്ളൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വലമാറ്റി പുതിയ വല വാങ്ങുന്നതിന് |
| പ്രോജക്ട് നമ്പർ | S0020/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ചെലവ് വിവരം | 3/07-11-19 രൂപ 12500/-<br>4/18-11-19 രൂപ 62500/-<br>6/01-03-20 രൂപ 25000/-<br>8/01-03-20 രൂപ 25000/- |

മൊത്തത്തിലുള്ള നീളം (Overall Length) 10 മീറ്ററിൽ അധികരിക്കാത്ത എഫ്.ആർ.പി/മറൈൻ പ്ളൈവുഡ് വള്ളങ്ങളിലെ പഴയ കേടായ വലമാറ്റി പുതിയ വല വാങ്ങുന്നതിന് 10 പേർക്ക് 12500/- രൂപ നിരക്കിൽ 125000/- രൂപ മത്സ്യഫെഡ് വ്യാസസ്റ്റോറിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്നവർ ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ഇവരുടെ വള്ളത്തിന്റെ മൊത്തത്തിലുള്ള നീളം (Overall Length) 10 മീറ്ററിൽ കൂടുതലാണ്.

| ഗുണഭോക്താവിന്റെ പേര് | വള്ളത്തിന്റെ നീളം | രജിസ്ട്രേഷൻ നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| കുര്യാക്കോസ് ബെഞ്ചമിൻ | 12.720 മീറ്റർ | IND-KL-03-MO-1297 & 30-`12-2014 | 12500 |
| ടൈറ്റസ് ആന്റണി | 10.740 മീറ്റർ | IND-KL-03-MO-595 & 21-03-2015 | 12500 |

ആനുകൂല്യം അർഹരായ ഗുണഭോക്താക്കൾക്ക് നൽകുവാനും സബ്സിഡി നിബന്ധനകൾ പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം12/18.11.21 ) മറുപടി നൽകിയില്ല.

## 1-17 ഗുണനിലവാരം ഉറപ്പ് വരുത്താതെ ന്യൂട്രിമിക്സ് വിതരണം ചെയ്തു

രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്ന് 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. 2019-20 വർഷം ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് ഓഡിറ്റ് എൻക്വയറി നം.13/18.11.21 മുഖേന ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഗുണമേന്മ ഉറപ്പു വരുത്താതെ പിഞ്ചു കുട്ടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്തത് ഗുരുതരമായ ക്രമക്കേടാണ്.

## 1-18 ആശ്രയ പദ്ധതി - കുടുംബശ്രീ അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു.

2019-20 സാമ്പത്തികവർഷം പ്രോജക്ട് നം. 6/20 പ്രകാരം 30000/- രൂപ വികസനഫണ്ടിൽ നിന്നും സെക്രട്ടറിയുടെ ബിൽ നം. 26/19-20/24.02.20 പ്രകാരം പിൻവലിച്ച് കുടുംബശ്രീയുടെ 38725461785 നം. എസ്.ബി.ഐ അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. ടി തുകയുടെ ചെലവ് വിവരങ്ങൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/19-20/6.11.21) ഹാജരാക്കിയ മറുപടി പ്രകാരം ടി തുകയിൽ നിന്നും 5000 രൂപ വീതം കുടിവെള്ള കണക്ഷൻ എടുത്തവരും അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടവരുമായ രമണി കാരയ്ക്കൽ, ലൈസാമ്മ അറയ്ക്കൽ എന്നിവരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 20000/- രൂപ കുടുംബശ്രീ അക്കൗണ്ടിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. ടി തുക പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ക്ഷേമപദ്ധതികൾക്കായി വിനിയോഗിച്ച് ചെലവുരേഖകൾ സഹിതം വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം -വാട്ടർഅതോറിട്ടിയുമായി സംയുക്തപരിശോധന നടത്തുന്നില്ല

വാട്ടർ അതോറിട്ടിയുടെ ബില്ലുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1270 പൊതുടാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ടാപ്പുകൾക്ക് തൻവർഷം പ്രതിമാസം 555625/- രൂപ വീതം വാട്ടർ അതോറിട്ടിയിൽ വെള്ളക്കരം ഇനത്തിൽ ഒടുക്കുന്നുണ്ട്. വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ കൃത്യത പരിശോധിച്ചതിന്റെ കണക്ക് ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. കുടിവെള്ളം-സബ്സിഡി മാർഗ്ഗരേഖ (ഖ.6.6) യിലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുടാപ്പുകൾക്കു പകരം ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാകുന്ന രീതിയിൽ വാട്ടർ അതോറിട്ടിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൌസ് കണക്ഷൻ നൽകുന്ന പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുകയോ എല്ലാ കുടുംബങ്ങൾക്കും ജൽജീവൻ പദ്ധതി പ്രകാരം കുടിവെള്ളകണക്ഷനുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. അതിനുശേഷം വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകണക്ഷനുകൾ ഒഴിവാക്കി പൊതുടാപ്പുകളുടെ എണ്ണം ക്രമപ്പെടുത്തേണ്ടതാണ്. അതുവഴി വാട്ടർ അതോറിട്ടിക്ക് വർഷം തോറും നല്കിവരുന്ന വെള്ളക്കരം ഗണ്യമായി കുറയ്ക്കുവാൻ സാധിക്കും. അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി -- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവുവിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി |
| പ്രോജക്ട് നമ്പർ | S008/20. |
| അടങ്കൽ | 600000 (300000 തനതു ഫണ്ട്, 300000 CFC) |
| ചെലവ്.<br>ബിൽനം.18/19-20/30.09.19<br>ചെക്ക് നം./തീയതി<br>637233/18.03.20 | 132824.(സി.എഫ്.സി.)<br>300000.(തനത് ഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി |

പ്രോജക്ട് നം. S008/20. പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പുന:സ്ഥാപിച്ചിട്ടുണ്ട്.

തെരുവുവിളക്കുകൾ പ്രവർത്തനരഹിതമായതു സംബന്ധിച്ച പരാതികൾ സ്വീകരിക്കുവാൻ ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയതായി കാണുന്നില്ല. നോഡൽ ഓഫീസർ പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് മെയിന്റനൻസ് ടീമിനു നൽകേണ്ടതുമാണ്. പഞ്ചായത്തു കാര്യാലയത്തിൽ പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും 5.07.17 വരെയുള്ള പരാതികൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മെയിന്റനൻസ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുമില്ല. രേഖാമൂലം പരാതികളൊന്നും ലഭ്യമാകാത്തതിനാലാണ് പരാതി രജിസ്റ്റർ കാലികമാക്കാൻ സാധിക്കാതിരുന്നത് എന്ന് ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/19-20 /10.11.21 ന ഹാജരാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

തെരുവുവിളക്ക് അറ്റകുറ്റപ്പണി സംബന്ധിച്ച ആധികാരികരേഖകൾ പരാതി രജിസ്റ്ററും മെയിന്റനൻസ് രജിസ്റ്ററും രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്- ഉം ആണ്. തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച് ജനപ്രതിനിധികളോ പൊതുജനങ്ങളോ സമർപ്പിക്കുന്ന എല്ലാ പരാതികളും പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി പരാതി രജിസ്റ്റർ കാലികമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവുവിളക്ക് അറ്റകുറ്റപ്പണി നടത്തേണ്ടതുമാണ്.

പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് കരാറുകാരൻ ഹാജരാക്കിയ ലിസ്റ്റിൽ പോസ്റ്റുകളുടെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രവൃത്തി നടന്ന തീയതികൾ രേഖപ്പെടുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണവകുപ്പിന്റെ 12.03.13ലെ 65529/DC3/12 നമ്പർ ഉത്തരവു പ്രകാരം എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയതായി കാണുന്നില്ല. ടി. വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/10.11.21) ഹാജരാക്കിയ മറുപടി പ്രകാരം, തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിരുന്നുവെങ്കിലും മീറ്റർ ലഭ്യതക്കുറവു മൂലമാണ് പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ചെലവ് രേഖകൾ ലഭ്യമല്ല

വാർഡ് തല സാനിറ്റേഷൻ സമിതി മുഖേന പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

(പ്രോജക്റ്റ് നം. - 19/ 2020-21)

അടങ്കൽ - 4.6 ലക്ഷം

ചെലവ് - 4.6 ലക്ഷം

ഗ്രാമ പഞ്ചായത്തിലെ 23 വാർഡുകളിൽ വാർഡ് തല സാനിറ്റേഷൻ സമിതി മുഖേന പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തനത് ഫണ്ടിൽ നിന്നും 20,000/- രൂപ വീതം നല്കിയിട്ടുണ്ട്. വാർഡ് 12 , 13, 15 എന്നീ വാർഡുകൾക്ക് നല്കിയ തുകയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 1-22 ഓഡിറ്റ് ഇംപാക്ട്

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ്സിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായ 4329/- രൂപ 121040103306/18-11-21 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്.

## 1-23 ഖരമാലിന്യ ശേഖരണം(ഹരിത കർമ്മസേന), ബി.പി.എൽ കുടുംബങ്ങൾക്ക് യൂസർ ഫീസ് നൽകൽ

| | |
|---|---|
| പ്രോജക്ട് നം./ പേര് | S46/2019-20, ഖരമാലിന്യ ശേഖരണം (ഹരിത കർമ്മസേന), ബി.പി.എൽ കുടുംബങ്ങൾക്ക് യൂസർ ഫീസ് നൽകൽ |

| | |
|---|---|
| അടങ്കൽ | വികസന ഫണ്ട്- 4,62,000 |
| ചെലവ് | 05/2019-20/23.07.19 - 2,70,360<br>10/2019-20/29.07.19 - 61,260<br>11/2019-20 /05.09.2019 - 1,30,060<br>4,61,680 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, ചെട്ടികാട് |

ബി.പി.എൽ കുടുംബങ്ങൾക്ക്, ഹരിത കർമ്മസേനയുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള യൂസർ ഫീസ് നൽകാനുദ്ദേശിക്കുന്ന പഞ്ചായത്തുകൾക്ക്, 15.07.2017 ലെ സർക്കാർ ഉത്തരവ് സാധാ നം.2420/2017/ ത.സ്വ.ഭ.വ. പ്രകാരം അപ്രകാരം തീരുമാനമെടുക്കുകയും ഫീസ് നൽകാവുന്നതുമാണ്. ആയതിനാൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വേണമായിരുന്നു പണം നൽകാൻ. എന്നാൽ ഈ തുക വികസന ഫണ്ടിൽ നിന്നാണ് നൽകിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇപ്രകാരം വികസന ഫണ്ടിൽ നിന്ന് തുക നൽകാവുന്നതല്ല.
ഇങ്ങനെ നൽകിയ 461680/- രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് കൺസോളിഡേറ്റഡ് അക്കൌണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.
461680/- രൂപ ശ്രീമതി കല, താമരപ്പള്ളിവെളി, പൊള്ളത്തൈ എന്നയാളിന്റെ കേരള ഗ്രാമീൺ ബാങ്കിലുള്ള 40698101029455 എന്ന അക്കൌണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. ഹരിതകർമ്മ സേനയുടെ അക്കൌണ്ടിലേക്ക് പണം കൈമാറാതെ വ്യക്തിയുടെ അക്കൌണ്ടിലേക്ക് മാറ്റിയത് ക്രമ പ്രകാരമല്ല.

## 1-24 ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല

കൃഷി ഓഫീസർ 2019-20 വർഷം നടപ്പാക്കിയ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളുടെ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | ചെലവ് | ലഭ്യമാക്കിയ രേഖകൾ | റിമാർക്സ് |
|---|---|---|---|---|---|
| 1 | 36/നെൽക്കൃഷി വികസനം | 83600 | 73580 | ട്രഷറി ബിൽ നം.<br>1.02/29.05.19 -16,234<br>2. 12/10.01.20-19280<br>3. 13/20.02.20- 1000<br>4. 35/25.03.20- 2000<br>5. 14/20.02.20 -14800<br>6. 31/17.03.20- 1600<br>7. 36/25.03.20- 960 | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 2 | 37/വാഴവിത്ത് വിതരണം | 100000 | 100000 | -- | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 3 | 38/കിഴങ്ങുകൃഷി വികസനം | 450000 | 450000 | -- | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 4 | 39/ജൈവവള സബ്സിഡി | 533160 | 159716 | -- | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |

| | | | | | |
|---|---|---|---|---|---|
| 5 | 51/ജലസേചനത്തിന് പമ്പ് സെറ്റ് | 3400000 | 59306 | ട്രഷറി ബിൽ നം.11/01.02.20- 35449<br>29/04.03.20- 9832 | ബാക്കിയുള്ള ചെലവ് രേഖകൾ ലഭ്യമാക്കേണ്ടതാണ്. |
| 6 | 52/ഇഞ്ചികൃഷി വികസനം | 144000 | 130624 | -- | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 7 | 53/മഞ്ഞൾ കൃഷി വികസനം | 81204 | 69719 | റെയ്ഡ്കോ ഇൻവോയ്സ്- 984/984/19-20 /05.02.20- 24324<br>237/19-20/19.03.20- 32947 | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 8 | 60/ കുറ്റിക്കുരുമുളക് തൈ വിതരണം | 216000 | 188189 | | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 9 | 62/മുല്ലകൃഷി വ്യാപനം | 54000 | 44370 | | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 10 | 137/ജൈവവള സബ്സിഡി SO | 16245 | 16234 | | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 11 | 138/ കിഴങ്ങുകൃഷി വികസനം SO | 110700 | 110685 | | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| 12 | 150/ ഇഞ്ചികൃഷി വികസനം SO | 22304 | 8000 | | ചെലവുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, വിതരണ രേഖകളും ലഭ്യമാക്കേണ്ടതാണ്. |
| | ആകെ | | 1410423 | | |

ഇപ്പോൾ ലഭ്യമാക്കിയ രേഖകളുൾപ്പടെ ചെലവ്, വിതരണം, എന്നിവയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പ്രോജക്ട് നമ്പർ പ്രകാരം ക്രോഡീകരിച്ച് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി (നം.9/16.11.21), 09.11.21-ലെ ഓഡിറ്റ് റിക്വസിഷൻ എന്നിവ മുഖേന ആവശ്യപ്പെട്ടിട്ടും ആയവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ 14,10,423/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 പഞ്ചായത്ത് തലത്തിൽ നടത്തിയ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളുടെ വിവരങ്ങൾ

കോവിഡ് പ്രതിരോധത്തിനായി പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തിയ കോവിഡ് 19 ജാഗ്രതാ പോർട്ടലിൽ 238 പേർ രജിസ്റ്റർ ചെയ്തിരുന്നു. 238 പേർക്കും പരിശീലനം നൽകി വോളന്റിയേഴ്സായി നിയമിച്ചു.

ഗ്രാമപഞ്ചായത്ത് കാര്യാലയം കേന്ദ്രീകരിച്ച് കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിരുന്നു. ബഡ്സ് സ്കൂൾ ജീവനക്കാർ, ബാലകൈരളി ജീവനക്കാർ, മറ്റ് ഓഫീസുകളിൽ നിന്നും ടി പ്രവർത്തനങ്ങൾക്കായി ജോയിൻ ചെയ്ത ജീവനക്കാർ എന്നിവരുടേയും ജനപ്രതിനിധികളുടേയും സേവനങ്ങൾ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കി.

വിദേശത്തു നിന്നും മറ്റ് സംസ്ഥാനത്തു നിന്നും തിരികെ എത്തിയവരുടെ ഹോം ഐസൊലേഷൻ ഉറപ്പുവരുത്തുകയും ഐസൊലേഷനിൽ കഴിയുന്നവരിൽ രോഗലക്ഷണം കാണിക്കുന്നവരുടെ വിവരങ്ങൾ യഥാസമയം ആരോഗ്യവകുപ്പ് ജീവനക്കാരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വാളന്റിയറും ഭവനസന്ദർശനങ്ങൾ നടത്തി മാസ്ക്, സാനിറ്റൈസർ മുതലായവ വിതരണം നടത്തി. കിടപ്പുരോഗികൾ, മറ്റു രോഗമുള്ളവർ, പ്രമേഹം ഉൾപ്പടെയുള്ള ജീവിതശൈലീരോഗമുള്ളവർ, വയോജനങ്ങൾ തുടങ്ങി പ്രത്യേക പരിഗണന ലഭിക്കേണ്ട ജനവിഭാഗങ്ങളെ കണ്ടെത്തി ആവശ്യമായ മരുന്നും ബോധവൽക്കരണവും കൗൺസിലിംഗും നൽകിയിട്ടുണ്ട്. ടെലി മെഡിസിൻ സംവിധാനത്തിൽ ബന്ധപ്പെടാവുന്ന ഡോക്ടർമാരുടെ വിവരങ്ങൾ വീടുകളിൽ നൽകുകയും മരുന്നു ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

വാർഡുതല സാനിട്ടേഷൻ, വാർഡുതല ബോധവൽക്കരണം, പാലിയേറ്റീവ് കെയർ മുഖേന വയോജനങ്ങൾക്ക് കൃത്യമായ പരിചരണം നൽകൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

രണ്ടു സി.എഫ്. എൽ.ടി.സികൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്നു. ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽ നിന്നും 20,00,000/- ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ആയത് സി.എഫ്.എൽ.ടി.സി പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്.

തനതുഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ മുഖാന്തിരമാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. ജനകീയഭക്ഷണശാല വഴി രോഗികൾക്കും ക്വാറന്റൈനിൽ കഴിഞ്ഞവർക്കും ഭക്ഷണം എത്തിച്ചിട്ടുണ്ട്. പഞ്ചായത്തു തലത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ തൃപ്തികരമായി നടന്നിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ വാക്സിനേഷൻ ലഭിച്ചവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രായം | ജനസംഖ്യ. | ഒന്നാം ഡോസ് ലഭിച്ചവർ | രണ്ടാം ഡോസ് ലഭിച്ചവർ | വാക്സിനേഷൻ ലഭിക്കാത്തവരുടെ എണ്ണം |
|---|---|---|---|---|
| 18-44 | 18177 | 11697 | 6064 | 416 |
| 45-59 | 12927 | 6492 | 6213 | 222 |
| 60നു മുകളിൽ | 10928 | 3247 | 7366 | 315 |
| ആകെ. | 42032 | 21436 | 19643 | 953. |

അവലംബം--ഓഡിറ്റ് എൻക്വയറി.18 /15.11.21 നു ലഭ്യമാക്കിയ മറുപടി.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 64-ാം നമ്പർ അംഗൻവാടി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം

| | |
|---|---|
| പ്രോജക്ട് | 64-ാം നമ്പർ അംഗൻവാടി ഓപ്പൺ ഓഡിറ്റോറിയം നിർമ്മാണം. |

| | |
|---|---|
| പ്രോജക്ട് നമ്പർ | S0075/19 |
| അടങ്കൽ | 5 ലക്ഷം |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവു പുസ്തകം | 165/15-16 |
| ചെലവു വിവരം | ബിൽ നമ്പർ 02/08-05-19 രൂപ 499012/- |

ടി പ്രവൃത്തിയിൽ 0.5 മീറ്റർ നീളത്തിലും 0.5 മീറ്റർ വീതിയിലും 10 കോളങ്ങൾ നിർമ്മിച്ചിട്ടുണ്ട്. Pcc, ഫൂട്ടിംഗ് എന്നിവ ഉൾപ്പെടെ വരുന്ന കോളങ്ങളുടെ നിർമ്മാണം 1.45 മീറ്റർ ആണ്. കോളങ്ങൾ നിർമ്മിക്കുന്നതിന് 0.65 മീറ്റർ ആഴത്തിലും ഫൗണ്ടേഷൻ നിർമ്മിക്കുന്നതിന് 0.40 മീറ്റർ ആഴത്തിലും കുഴിയെടുത്തിട്ടുണ്ട്. അതിനാൽ കോളത്തിന്റെ 0.25 (0.65 – 0.40) മീറ്റർ ഒഴികെയുള്ള ഉയരം 1.20 മീറ്റർ ഭിത്തിയുടേയും ഫൗണ്ടേഷന്റേയും ബെൽറ്റിന്റേയും ഭാഗമായി വരുന്നു. ഭിത്തിയും ഫൗണ്ടേഷനും നിർമ്മിച്ചിരിക്കുന്നത് 40x20x20 സോളിഡ് ബ്രിക്ക് മേസനറിയിലാണ്. എന്നാൽ സോളിഡ് ബ്രിക്ക് ഉപയോഗിച്ചുള്ള അളവിന് തുക അനുവദിച്ചപ്പോഴും ഫൗണ്ടേഷനു മുകളിൽ ബെൽറ്റ് നിർമ്മിച്ചപ്പോഴുള്ള അളവിനും തുക അനുവദിച്ചപ്പോൾ ഇവയുടെ ഭാഗമായി വരുന്ന കോളത്തിന്റെ അളവ് കുറവു ചെയ്തിട്ടില്ല. അതുപോലെ ടി ഓഡിറ്റോറിയത്തിന് രണ്ട് ഓപ്പണിംഗ്സാണുള്ളത്. ഇതും കുറവു ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 5/15-11-21 ന് കോളങ്ങൾ ഫൗണ്ടേഷൻ ലെവൽ വരെയാണ് നിർമ്മിച്ചിട്ടുള്ളതെന്നും കോളങ്ങളുടെ അളവു കുറവു ചെയ്തിട്ടില്ലെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

എ) കോളങ്ങൾ നിർമ്മിക്കുന്നതിന് 0.65 മീറ്റർ ആഴത്തിലും ഫൗണ്ടേഷൻ നിർമ്മിക്കുന്നതിന് 0.40 മീറ്റർ ആഴത്തിലും കുഴിയെടുത്തിട്ടുണ്ട്. വ്യത്യാസം 0.25 (0.65- 0.40) മീറ്റർ. ഫൗണ്ടേഷൻ നിർമ്മിച്ചിരിക്കുന്നത് 0.15 മീറ്റർ കനത്തിൽ 1:4:8 സിമന്റ് കോൺക്രീറ്റിംഗ് (Pcc) ചെയ്ത് അതിനു പുറമേ 0.45 മീറ്റർ ഉയരത്തിൽ 40x20x20 സോളിഡ് ബ്രിക്ക് മേസനറിയിലാണ്. കോളങ്ങൾ ഫൗണ്ടേഷൻ ലെവൽ വരെയാണ് നിർമ്മിച്ചിട്ടുള്ളതെന്ന് മറുപടിയിൽ അറിയിച്ചിട്ടുള്ളതിനാൽ Pcc, ഫൂട്ടിംഗ് ഉൾപ്പെടെ കോളങ്ങൾ നിർമ്മിക്കേണ്ടത് 0.85 (0.25 +0.15+0.45) മീറ്ററിലാണ്. എന്നാൽ കോളങ്ങൾ നിർമ്മിച്ചതിന്റെ അളവ് രേഖപ്പെടുത്തിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അളവു പുസ്തകം പ്രകാരം | നിർമ്മിക്കേണ്ട അളവ് |
|---|---|---|
| 1:4:8 | 10x0.80x0.8x0.15 | 10x0.80x0.8x0.15 |
| ഫൂട്ടിംഗ് (1:1.5:3) | 10.70x0.70x0.20 | 10.70x0.70x0.20 |
| കോളം (1:1.5:3) | 10x0.50x0.50x1.10 | 10x0.50x0.50x0.50 |

കോളത്തിന്റെ ഉയരം കൂടുതലായി കാണിച്ചു വഴി അധികം നൽകാനിടയായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| കോളം (1:1.5:3) | 10x0.50x0.50x1.10= 2.75 $M^3$ | 10x0.50x0.50x0.50= 1.25 $M^3$ |

അധികം നൽകിയ അളവും തുകയും --- 2.75- 1.25 = 1.50 $M^3$ @ 9627.58 =14441/-

ബി) 40x20x20 സോളിഡ് ബ്രിക്ക് മേസനറിയിൽ 0.45 മീറ്റർ ഉയരത്തിൽ ഫൗണ്ടേഷനും 1.35 മീറ്റർ ഉയരത്തിൽ ഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. ഇവയുടെ അളവിൽ നിന്നും കോളങ്ങളുടേയും ഓപ്പണിംഗ്സിന്റേയും അളവു കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ഇനം | അളവു പുസ്തകം പ്രകാരം | കുറവു ചെയ്യേണ്ട അളവ് |
|---|---|---|
| ഫൗണ്ടേഷൻ (നിർമ്മാണം) | 2x12.4x0.30x0.45 =3.348$m^3$<br>1x3.98x0.30x0.45 = 0.537 | കോളം<br>10x 0.5x0.30x0.45 = 0.675 $M^3$ |

| | | |
|---|---|---|
| ഭിത്തി (നിർമ്മാണം) | 2x12.4x0.15x1.35 =5.022 $M^3$<br>1x3.98x0.15x1.35 =0.806 $M^3$ | ഓപ്പണിംഗ്സ്<br>1x1.20x0.15xx1.35 = 0.243$m^3$<br>1x0.75x0.15x1.35 =0.152 |
| | കുറവു ചെയ്യേണ്ട ആകെ അളവ് | 1.07 $M^3$ |

40x20x20 സോളിഡ് ബ്രിക്ക് മേസനറി

ചെയ്ത അളവ് = 10.647 $M^3$

ക്ളിപ്തപ്പെടുത്തി നൽകിയ അളവും തുകയും = 10.21 $M^3$ @ 5406. 70

= 55202/-

നൽകാവുന്ന അളവും തുകയും 10.647 – 1.07 = 9.577 $M^3$

@ 5406.70 = 51780/-

അധികം നൽകിയ തുക – 55202- 51780= 3422/-

അധികം നൽകിയ തുക 17863 (14441 +3422) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,00,000 | അങ്കണവാടി പോഷകാഹാര പദ്ധതി | 1,00,000 | 0 |
| “ | “ | 3,35,200 | മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 3,35,200 | 0 |
| “ | “ | 1,00,000 | ന്യൂട്രീഷൻ | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 26,40,000 | ലൈഫ് ഭവന പദ്ധതി - | 26,40,000 | 0 |
| “ | “ | 6,25,824 | പാലിന് സബ്സിഡി | 6,25,824 | 0 |
| “ | “ | 1,00,000 | ആശ്രയ | 1,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷം വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018 | 2,61,60,000 | 4,86,54,886 | 50,00,000 | 0 | 6,98,14,886 |
| ഇ.എം. എസ് ഭവന പദ്ധതി | ലഭ്യമാക്കിയില്ല | - | 15,05,332 | 13,50,000 | 0 | 1,55,332 |

## 4-5 സ്ഥിര നിക്ഷേപം

| | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 60,00,000 |
| ആകെ | 60,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 61,36,234 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ജില്ലാ സഹകരണ ബാങ്ക് | 61,36,234 | ലഭ്യമാക്കിയില്ല |
| ആകെ | 61,36,234 | |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | പ്പേരും | | |
| 2018-19 | | 2500 | വിധു ശശിധരൻ, നിർമ്മാല്യം സൈ്മൽ ദന്തൽ ക്ലിനിക്ക് | 119040103918/13.11.2019 | - |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2014-15 | 4.1.9 | ഉപയോഗമില്ലാതെ കിടക്കുന്ന മത്സ്യ മാർക്കറ്റുകളും ചന്തകളും | ഉപയോഗപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 148339166 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 148091194 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17863 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1410423 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 17863 | മിനി. എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 1410423 | ജിഷ മോൾ, കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം. 1-13 തുക 7110/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മിനി. എസ്., അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തിരുവനന്തപുരം നഗരസഭ | നവാസ് മൻസിൽ മുരുക്കുംപുഴ പി.ഒ, തിരുവനന്തപുരം – 695302 |
| ജിഷ മോൾ, കൃഷി ഓഫീസർ | കൃഷി ഓഫീസർ,എടത്വ ഗ്രാമപഞ്ചായത്ത് | ജെ.എം.മൻസിൽ, ഗുരുപുരം, അവലൂക്കുന്ന് പി.ഒ, ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 (ചെലവ്) | എൽഎഫ് ജി എ 5- 1832 /11/21.01.12ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 1998-99 (ചെലവ്) | |
| 2002-03 (ചെലവ്) 2003-04 (ചെലവ്) | |
| 2004-05 (ചെലവ്) | |
| 2005-06 (വരവ്) | |
| 2006-07 | എൽ എഫ് എ പി 9/257/10.08.10 |
| 2007-08 | എൽഎഫ് എ പി 4/73 (എ)/11/26.05.11/13.07.11 |
| 2008-09 | എൽ എഫ് എ പി 4/1002/11/ 03.03.12/06.07.12 |
| 2009-10 | എൽ എഫ് എ പി 4/1003/11/ 03.03.12/06.07.12 |
| 2010-11 | എൽഎഫ് എ പി 4/1070/12/14.11.12 |

| | |
|---|---|
| 2011-12, 12-13 | എൽഎഫ് എ പി 8/164/14/23.04.14 |
| 2013-14 | കെ.എസ്.എ എ.പി.ഇസഡ് പി8/1019/15/11.08.15/31.08.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി.8-834/16/30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി8-1515/16 / 31.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8/962/2017/25.7.17 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 14-51/19/10.01.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 11/1155/2019/21.05.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്